3516
18/2/20

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസനം - കരിയർ ഇൻ ഓട്ടോമൊബൈൽ പദ്ധതിയ്ക്ക് പത്രപരസ്യം നൽകി തുക ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ. ഉ. (സാധാ) നം.125/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 19.11.2019.

---

പരാമർശം:- പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 09.07.2018-ലെയും 24.09.2019-ലെയും ബി.സി.ഡി.ഡി-എ 3/1396/2017 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കരിയർ ഇൻ ഓട്ടോമൊബൈൽ പദ്ധതിയ്ക്ക് പത്രപരസ്യം നൽകിയ വകയിൽ 2016-17, 2017-18 വർഷങ്ങളിൽ യഥാക്രമം 1,27,342/-, 2,66,260/- എന്നീ തുകകൾ 2225-03-102-99(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച നടപടി സാധൂകരിക്കണമെന്ന് പരാമർശ കത്തിലൂടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരിയർ ഇൻ ഓട്ടോമൊബൈൽ പദ്ധതിയ്ക്ക് പത്രപരസ്യം നൽകിയ വകയിൽ 2016-17, 2017-18 വർഷങ്ങളിൽ യഥാക്രമം 1,27,342/-, 2,66,260/- എന്നീ തുകകൾ 2225-03-102-99 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ചെലവഴിച്ച പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി, ഇനി മുതൽ delegation of financial powers അനുസരിച്ച് മാത്രമേ ചെലവ് വഹിക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥയോടെ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (14.11.2019 -ലെ WW1/163/2018/Fin. പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.